## പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം.2826

19/6/2014 ൽ
മറുപടിയ്ക്ക്

### മലപ്പുറം ജില്ലയിലെ മങ്കട വില്ലേജിലെ കർക്കിടകത്ത് റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള പുറമ്പോക്ക് ഭൂമി

ചോദ്യം
ശ്രീ.റ്റി.എ.അഹമ്മദ് കബീർ

മറുപടി
ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | മലപ്പുറം ജില്ലയിലെ മങ്കട വില്ലേജിലെ കർക്കിടകത്ത് റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള പുറമ്പോക്ക് ഭൂമി, ഐ.എച്ച്.ആർ.ഡി ക്ക് കീഴിലുള്ള അപ്ലൈഡ് സയൻസ് കോളേജിനായി വിട്ടുനൽകണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതായി മലപ്പുറം ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. |
| ബി) | എങ്കിൽ ടി വിഷയത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ കത്തുകളുടെ പകർപ്പ് സഹിതം ലഭ്യമാക്കുമോ? | ബി) | ഇതിനായി ആവശ്യപ്പെട്ടിരിക്കുന്ന ഭൂമി മങ്കട വില്ലേജിൽ കർക്കിടകം ദേശം ശ്രീ.മൂത്തേടത്ത് മനക്കൽ വാസുദേവൻ നമ്പൂതിരി എന്ന വ്യക്തിയിൽ നിന്നും മിച്ച ഭൂമിയായി ഏറ്റെടുത്ത് പാറയായി പൊതു ആവശ്യത്തിനായി നീക്കി വെച്ച ഭൂമിയാണ്. ടി ഭൂമി പൊതു ആവശ്യത്തിനു നീക്കി വച്ച മിച്ചഭൂമിയായതിനാൽ സ്റ്റേറ്റ് ലാന്റ് ബോർഡിൽ നിന്നും റവന്യൂ വകുപ്പിലേക്ക് ഡീ-റിസർവ്വ് ചെയ്യുന്നെങ്കിൽ മാത്രമേ തുടർ നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ